**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 916** **29-06-2026-ൽ മറുപടിയ്ക്ക്**

## <u>ആറ്റിങ്ങൽ ദേശീയപാതയിലെ റീ ടാറിംഗ്</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ആറ്റിങ്ങൽ ദേശീയപാതയിൽ മാമം മുതൽ കല്ലമ്പലം വരെയുള്ള ഭാഗത്ത് റീ ടാറിംഗ് നടത്തിയതിന്റെ ഭാഗമായി പ്രതലത്തിന്റെ ഉയരം വർദ്ധിക്കുകയും ഇരുചക്രവാഹനങ്ങൾ അടക്കമുള്ള പല വാഹനങ്ങളും വശങ്ങളിലേക്ക് തെന്നി വീഴുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തെല്ലാം പരിഹാര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

**<u>മറുപടി:</u>** ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബൈപാസ് ചെയ്യപ്പെടുന്ന പഴയ ദേശീയപാതകൾക്ക് One time Improvement ഫണ്ട് അനുവദിക്കുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ ദേശീയപാതയിൽ മാമം മുതൽ കല്ലമ്പലം വരെയുള്ള ഭാഗത്ത് റീ ടാറിംഗ് നടത്തുന്നതിന് ദേശീയപാത അതോറിറ്റി അനുമതി നൽകിയിരുന്നു. പ്രവൃത്തിയിൽ നിലവിലെ ടാർ ചെയ്ത പ്രതലം റീടാർ ചെയ്യുവാനുള്ള അനുമതി മാത്രമാണ് ഉണ്ടായിരുന്നത്.

പ്രവൃത്തി പൂർത്തിയായതിനെത്തുടർന്ന് നിലവിലെ റോഡിന്റെ പ്രതലം ഉയർന്നതിനാൽ മീഡിയൻ ഉയർത്തുന്നതിനും, വശങ്ങളിലെ നടപ്പാത, ഇന്റർലോക്ക് എന്നിവ ഉയർത്തുന്നതിനും PWD/NH/EST/23861/ 2025.5.1.1 PRICE ID പ്രകാരം 3.85 കോടി രൂപയുടെ estimate ഭരണാനുമതിക്കായി ചീഫ് എൻജിനീയർ മുഖേന ദേശീയപാത അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

**(ബി)** ആറ്റിങ്ങൽ ടി.ബി. ജംഗ്ഷൻ മുതൽ കച്ചേരി ജംഗ്ഷൻ വരെ കേബിളുകളും - പൈപ്പ് ലൈനുകളും കടന്നു പോകുന്ന സ്ഥലം വെട്ടിക്കുഴിക്കുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഇന്റർലോക്ക് പാകി നാലുവരി ഗതാഗതത്തിനായി ഉപയോഗിച്ചിരുന്ന സ്ഥലമൊഴിവാക്കി ടാർ ചെയ്തതിനെ തുടർന്ന് വലിയ ഗതാഗത തടസ്സം ഉണ്ടാകുന്ന കാര്യം പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** റീ ടാറിംഗിനെ തുടർന്ന് പ്രതലം ഉയർന്നതിനാൽ ഡിവൈഡറുകളിലൂടെയും സമീപത്തെ ഫുട്പാത്തിലൂടെയും വാഹനങ്ങൾ സഞ്ചരിക്കുകയും ഇത് അപകടത്തിനിടയാക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**